## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 121 28/5/2019-ൽ മറുപടിക്ക്**

## തപാൽവോട്ട് ക്രമക്കേട്

| **ചോദ്യം**<br>**ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | പോലീസ് അസോസിയേഷന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടന്നുവെന്ന് പറയപ്പെടുന്ന തപാൽവോട്ട് ക്രമക്കേട് സ്ഥിരീകരിച്ചുള്ള ഇന്റലിജൻസ് മേധാവിയുടെ അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | പോലീസിലെ തപാൽ വോട്ടുകളിൽ ക്രമക്കേട് നടന്നത് സംബന്ധിച്ച് ഇന്റലിജൻസ് മേധാവി പ്രാഥമിക അന്വേഷണം നടത്തി. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന ശിപാർശയാണ് നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത അന്വേഷണ റിപ്പോർട്ട് ഡിജിപിക്ക് ലഭിച്ചത് എന്നാണെന്നും എത്രദിവസം കൈവശം വച്ചതിനു ശേഷമാണ് ചീഫ് ഇലക്ടറൽ ഓഫീസർക്ക് കൈമാറിയതെന്നും അറിയിക്കാമോ; | (ബി) & (സി) | ഇന്റലിജൻസ് മേധാവിയുടെ 04/05/2019 തീയതിയിലെ പ്രസ്തുത ശിപാർശ 05/05/2019 തീയതിയിൽ സംസ്ഥാന പോലീസ് മേധാവിക്ക് ലഭിക്കുകയും ആയതിന്മേൽ തുടർ നടപടികൾ ആവശ്യപ്പെട്ടുകൊണ്ട് 07/05/2019 തീയതിയിൽ ചീഫ് ഇലക്ടറൽ ഓഫീസർക്ക് കത്ത് നൽകുകയുമുണ്ടായി. |
| (സി) | അന്വേഷണ റിപ്പോർട്ട് ചീഫ് ഇലക്ടറൽ ഓഫീസർക്ക് കൈമാറുന്നതിൽ കാലവിളംബം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; ഡി.ജി.പി. ചീഫ് ഇലക്ടറൽ ഓഫീസർക്ക് കൈമാറിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| ഡി) | പോലീസുകാരുടെ തപാൽവോട്ട് ശേഖരിക്കുന്നതിലും സമർപ്പിക്കുന്നതിലും ചട്ടലംഘനം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനു പിന്നിൽ പ്രവർത്തിച്ചവർ ആരാണെന്ന് വ്യക്തമാക്കാമോ; | (ഡി) | ഇത് സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. |
| (ഇ) | തപാൽ ബാലറ്റുകൾ എത്തിക്കണമെന്നാവശ്യപ്പെട്ട് പോലീസുകാരുടെ വാട്സാപ് ഗ്രൂപ്പിൽ ആരെങ്കിലും ശബ്ദസന്ദേശം അയച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) & (എഫ്) | ദൃശ്യമാദ്ധ്യമങ്ങളിൽ അത്തരത്തിൽ ശബ്ദസന്ദേശം അയച്ച കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം ക്രൈം ബ്രാഞ്ച് നടത്തി വരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭ്യമായ ശേഷം ഇക്കാര്യത്തിൽ ഉചിതമായ നടപടിക്രമങ്ങൾ അനുവർത്തിക്കുന്നതാണ്. |
| (എഫ്) | എങ്കിൽ ആരാണ് ശബ്ദസന്ദേശം അയച്ചതെന്നും ഇവരുടെ വിലാസത്തിലേക്ക് എത്ര തപാൽ ബാലറ്റുകൾ വരുത്തിച്ചിട്ടുണ്ടെന്നും ഇവർക്കെതിരെ എന്ത് ശിക്ഷാനടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ